## III. ശ്രദ്ധക്ഷണിക്കൽ

### (1) വന്യജീവികളെ നിയന്ത്രിക്കുന്നതിന് കേന്ദ്ര-സംസ്ഥാന നിയമങ്ങളിൽ ഭേദഗതി വരുത്തൽ

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം വലിയ തോതിൽ വർധിച്ചുവരികയും അതൊരു സാമൂഹ്യപ്രശ്നമായി വളരുകയും ചെയ്യുന്ന സാഹചര്യത്തിൽ 1972-ലെ വനം-വന്യജീവി നിയമം ഭേദഗതി ചെയ്യുകയും സംസ്ഥാനങ്ങൾക്ക് കൂടുതൽ അവകാശങ്ങൾ നൽകേണ്ടതിന്റെ പ്രാധാന്യവും സംബന്ധിച്ചാണ് ഈ അവസരത്തിൽ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. വനനശീകരണം തടയുകയും വന്യമൃഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെയാണ് 1972-ൽ വനം-വന്യജീവി നിയമം പാസാക്കുന്നത്. 52 വർഷങ്ങൾക്കിപ്പുറം പ്രസ്തുത നിയമത്തിന്റെ കാതലായ മാറ്റങ്ങൾ അനിവാര്യമായി വന്നിരിക്കുന്ന ഒരു സാഹചര്യത്തിലാണ് നമ്മൾ ഇപ്പോഴുള്ളത്. കാലോചിതമായ നിയമപരിഷ്കാരം ഇല്ലാത്തതിനാൽ ജനസാന്ദ്രത കൂടിയ നമ്മുടെ സംസ്ഥാനം വലിയ പ്രതിസന്ധിയാണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ

ആകെ ഭൂവിസ്തൃതിയുടെ 30 ശതമാനത്തോളം പൂർണമായും വനമാണ്. കേരളത്തിന്റെ വനമേഖലയുടെ പ്രത്യേകത വനമേഖല പൂർണമായും ജണ്ട കെട്ടി സംരക്ഷിക്കുന്നതും കൈയേറ്റങ്ങൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതുമാണ്. എന്നാൽ കാടിനുള്ളിലെ വന്യമൃഗങ്ങളുടെ എണ്ണം കാടിന് ഉൾക്കൊള്ളാൻ കഴിയുന്നതിനേക്കാൾ ഇരട്ടിയായി വർധിക്കുന്ന സാഹചര്യത്തിൽ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം നാൾക്കുനാൾ വർധിച്ചുവരികയാണ്. ഭക്ഷണത്തിനും വെള്ളത്തിനുംവേണ്ടി കാടുവിട്ട് നാട്ടിലേക്കിറങ്ങുന്ന വന്യമൃഗങ്ങൾ മനുഷ്യരുമായി നിരന്തരമായി സംഘർഷത്തിലേർപ്പെടുന്ന ഗുരുതരമായ അവസ്ഥയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. ഇതിനൊരു ശാശ്വതമായ പരിഹാരമുണ്ടാക്കുന്നതിനാണ് പ്രധാനമായും ഊന്നൽ നൽകേണ്ടത്. അതിന് 1972-ലെ വനം-വന്യജീവി നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. കടുവ, പുലി, ആന, പോത്ത്, പന്നി, മയിൽ, കുരങ്ങ് തുടങ്ങിയ പക്ഷിമൃഗാദികൾ വ്യാപകമായ നിലയിലാണ് ജനങ്ങൾക്ക് ദോഷകരമായ രീതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ നിബിൻ എന്ന

ചെറുപ്പക്കാരൻ 5 ലക്ഷം രൂപ ലോണെടുത്ത് വാഴകൃഷി ആരംഭിച്ചു. ഒരിക്കൽപ്പോലും കാട്ടാനയുടെ ആക്രമണമുണ്ടാകാത്ത പൂർണമായും ഫെൻസിംഗ് ചെയ്തിട്ടുള്ള ആ പ്രദേശത്തെ 5 ഏക്കർ കൃഷിഭൂമി കാട്ടാനക്കൂട്ടമിറങ്ങി ഒറ്റയടിക്ക് തകർത്തുകളയുകാണ് ചെയ്തത്. ഇത് നാട്ടിലെ കർഷർ അനുഭവിക്കുന്ന വലിയൊരു പ്രതിസന്ധിയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഹുസൈൻ കൽപൂര് എന്ന താൽക്കാലിക ഫോറസ്റ്റ് ജീവനക്കാരൻ നാട്ടിലിറങ്ങിയ കാട്ടാനയെ ഓടിക്കുന്നതിനിടയിൽ ആനയുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. ഫോറസ്റ്റ് ജീവനക്കാരുടെ പ്രതിസന്ധിയെക്കൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ നാട്ടിൽ കാട്ടാനയിറങ്ങിയെന്നറിഞ്ഞ് ആനയെ ഓടിക്കുന്നതിനുവേണ്ടി പടക്കം എറിയുന്നതിനിടയിൽ താൽക്കാലിക ഫോറസ്റ്റ് ജീവനക്കാരനും എന്റെ നാട്ടുകാരനുമായ ശ്രീ. സി. കെ. മുജീബിന്റെ കൈയിലിരുന്ന് പടക്കംപൊട്ടി കൈ തകർന്ന സാഹചര്യവുമുണ്ടായി. പെരുമ്പള സ്വദേശിയായ ശ്രീമതി ഗ്രേസി പൈക്കാട്ടിൽ എന്ന സ്ത്രീയ്ക്ക് രണ്ടുതവണയാണ് പുലിയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ

കഴിയുന്നത്. ശ്രീമതി ബിൻസി റോയി എന്ന സ്ത്രീയും കാട്ടുപന്നിയുടെ ആക്രമണത്തിൽ ഗുരുതരമായി തോളിന് പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. ഇത്തരത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ ദൈനംദിനം നമ്മുടെ വനാതിർത്തി മേഖലയിലുണ്ടാകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ലിന്റോ ജോസഫ്: സർ, വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് കുറച്ചുസമയം അനുവദിക്കണം. ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. ജി. സ്റ്റീഫനും കേരളത്തിൽ ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നേരിടുന്ന ഒരു മണ്ഡലത്തിന്റെ പ്രതിനിധിയായ ശ്രീ. എ. രാജയും കഴിഞ്ഞ ദിവസം സബ്മിഷനിലൂടെ ശ്രീ. ആന്റണി ജോണും ഉന്നയിച്ചത് കേരളത്തിലെ മലയോരമേഖലയിൽ ആളുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളെ സംബന്ധിച്ചാണ്. 1972-ലെ വനം-വന്യജീവി നിയമം കാരണം കാടിനുൾക്കൊള്ളാൻ കഴിയാത്തത്തിലധികം മൃഗങ്ങൾ കാട്ടിനുള്ളിലുണ്ടാകുമ്പോൾ സ്വാഭാവികമായും നാട്ടിലിറങ്ങി സംഘർഷമുണ്ടാകുന്ന സാഹചര്യമുണ്ടാകുന്നു. ഈ നിയമം ഭേദഗതി ചെയ്യണം.

വിദേശരാജ്യങ്ങളിൽ സമാനമായ രീതികളുണ്ട്. ഓസ്ട്രേലിയയുടെ ദേശീയമൃഗമായ കംഗാരു ആ രാജ്യത്തിന് ഉൾക്കൊള്ളാൻ കഴിയാത്തതിലധികം പെരുകുന്ന സമയത്ത് നിശ്ചിത ഇടവേളകളിൽ culling നടത്തി എണ്ണം നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണമുണ്ട്. എന്നാൽ 1972-ലെ വനം-വന്യജീവി നിയമത്തിൽ കാതലായ മാറ്റങ്ങളില്ലാത്തതുകൊണ്ടും ഭേദഗതി വരുത്താത്തതുകൊണ്ടും ഈ മേഖലകൾ വലിയ പ്രതിസന്ധിയാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷവും ഇതുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങൾ ഉന്നയിച്ചു. രാഷ്ട്രീയപ്രേരിതമായി കാര്യങ്ങൾ ഉന്നയിക്കുന്നതിലല്ല....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം വിഷയം പറഞ്ഞ് അവസാനിപ്പിക്കുക.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, 1972-ലെ വനം-വന്യജീവി നിയമം ഭേദഗതി ചെയ്യണം. നിയമം ഭേദഗതി ചെയ്യേണ്ടത് നിയമസഭയിലല്ല, പാർലമെന്റിലാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം വിഷയം പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. ലിന്റോ ജോസഫ്: പാർലമെന്റിൽ വനം-വന്യജീവി നിയമം ഭേദഗതി ചെയ്യാനാവശ്യമായ ഇടപെടൽ നമ്മുടെ സംസ്ഥാന സർക്കാർ നടത്തുന്നുണ്ടോയെന്നും സംസ്ഥാനത്തിന് കൂടുതൽ അവകാശങ്ങൾ നൽകുന്നതിനുവേണ്ടി ഏതുതരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്നുമാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് സൂചിപ്പിക്കാനുളളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട തിരുവമ്പാടി നിയമസഭാംഗം നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയം തന്നെയാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഒരു വ്യത്യാസം കണ്ടത്, സംസ്ഥാന സർക്കാരിന് പരിമിതികൾ ഏറെ സൃഷ്ടിക്കുന്ന കേന്ദ്ര നിയമത്തിൽ ഭേദഗതി ആവശ്യമാണെന്ന കാര്യത്തിനാണ് ഊന്നൽ നൽകിയതെന്നതാണ്. ഈ വിഷയം വളരെ ഗൗരവത്തിലാണ് സർക്കാർ കാണുന്നതും കണ്ടുകൊണ്ടിരിക്കുന്നതും. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരള നിയമസഭ ഒരു പ്രമേയം ഐകകണ്ഠ്യേന പാസാക്കിയത്. അതിൽ കാലോചിതമായ ഭേദഗതി കേന്ദ്രനിയമത്തിലുണ്ടാകണമെന്ന ആവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്.

ഈ പ്രമേയത്തിൽ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11(1)a പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും അടിയന്തര നടപടികൾ സ്വീകരിക്കാവുന്നവിധം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ഏൽപ്പിച്ചുനൽകുന്നതിന് വകുപ്പ് ഭേദഗതി ചെയ്യുകയാണ്. രണ്ടാമതായി, വകുപ്പ് 11(1)a-യിലെ നിബന്ധനകളിലെയും വിശദീകരണത്തിലെയും നടപടിക്രമങ്ങളും വന്യജീവി നിയമത്തിനുകീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളും നടപടിക്രമങ്ങളും ഉപദേശങ്ങളും മാനദണ്ഡങ്ങളും ലഘൂകരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകളുൾപ്പെടുത്തി പ്രായോഗികമായി കാലോചിതമായ ഭേദഗതി ചെയ്യണം എന്നതാണ്. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ 62-ാം വകുപ്പ് പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുകയെന്നതായിരുന്നു മറ്റൊരു ആവശ്യം. വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് മറ്റൊരു ആവശ്യം. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയെ സന്ദർശിച്ച വേളയിലൊക്കെയും ആയത് സൂചിപ്പിക്കുകയും

നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ അനുകൂലമായ നിലപാടല്ല അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഇവിടെ ഒരു പ്രത്യേക കാര്യം എടുത്തുപറയാനുള്ളത്, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഒരു നിരീക്ഷണം നടത്തിയിട്ടുണ്ട്. ആ നിരീക്ഷണത്തിൽ കേരളം സ്വീകരിച്ച പരിമിതമായ അധികാരവികേന്ദ്രീകരണത്തിന്റെ സത്തയെ നിരാകരിച്ചിരിക്കുകയാണ്. അങ്ങനെ പഞ്ചായത്ത് പ്രസിഡന്റുമാർക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്യാൻ പാടില്ലെന്നും പേരിൽ മാത്രമേ ചെയ്യാൻ പാടുള്ളൂവെന്നുള്ള നിരീക്ഷണമാണ് നടത്തിയിരിക്കുന്നത്. കോടതികളുടെ നിരന്തരമായ ഇടപെടലുകൾ വനം വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഒരിക്കലും സഹായകരമായ രീതിയിലല്ല. പക്ഷേ ബഹുമാനപ്പെട്ട കോടതികളോട് നിയമപരമായ മാർഗത്തിലൂടെ മാത്രമേ നമുക്ക് കാര്യങ്ങൾ അവതരിപ്പിക്കാനും പരിഹരിക്കാനും കഴിയുകയുള്ളൂ. ഏതായാലും ബഹുമാനപ്പെട്ട തിരുവമ്പാടി അംഗം ഒരു ക്രിയാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ട് കേരളം നേരിടുന്ന ഗുരുതരമായ പ്രശ്നത്തിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിച്ചത് അഭിനന്ദനാർഹമാണ്. അത്തരം നിർദേശങ്ങൾ നമുക്ക്

വനം-വന്യജീവി സംഘർഷം ഒഴിവാക്കുന്ന നടപടിയിലേക്ക് പോകാൻ സഹായകമാകും. അത് സ്വീകാര്യമായതാണ്. അദ്ദേഹത്തിന്റെ നടപടിയെ സ്വാഗതം ചെയ്യുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് 1972-ലെ നിയമമനുസരിച്ച് ഒരു ലക്ഷം രൂപ വരെയാണ് നഷ്ടപരിഹാരം നൽകാൻ കഴിയുന്നത്. സംസ്ഥാന സർക്കാർ ഈ വിഷയത്തെ സംസ്ഥാനദുരന്തമായി പ്രഖ്യാപിക്കാൻ തയ്യാറായിട്ടുമുണ്ട്. ഇത്തരത്തിൽ അപകടം സംഭവിക്കുന്നവർക്ക് കൂടുതൽ നഷ്ടപരിഹാരം നൽകുന്നതിന് ഏതെല്ലാം നിലയിലുള്ള ഇടപെടലുകളാണ് നടത്താൻ സാധിക്കുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, രണ്ട് തരത്തിലുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്. ആദ്യത്തേതിൽ, മരണപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിൽ ഇതൊരു പ്രത്യേക സ്വഭാവമുള്ള ദുരന്തമായി സംസ്ഥാനം പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ 4 ലക്ഷം രൂപ എൻ.ഡി.ആർ.എഫ്.-ൽനിന്നും 6 ലക്ഷം രൂപ വനം വകുപ്പിന്റെ ഫണ്ടിൽനിന്നും ചേർത്ത് ആകെ 10 ലക്ഷം രൂപ നൽകുന്ന ഒരു സംവിധാനമാണുണ്ടായിട്ടുള്ളത്. ഇതുസംബന്ധിച്ചത് 10

ലക്ഷം രൂപയും 4 ലക്ഷം രൂപയും എന്ന ആവശ്യം ഉയർന്നുവന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. മറ്റൊന്ന്, കാർഷികവിളകളുടെ നാശനഷ്ടങ്ങൾ കണക്കാക്കുന്നതിലും നഷ്ടപരിഹാരം നൽകുന്നതിലും അതിന്റെ നാശനഷ്ടങ്ങളുമായി ഒരു പൊരുത്തവുമില്ലാത്ത രീതിയിലാണ് വരുന്നതെന്ന കാര്യം പലപ്പോഴായി ഈ സഭയിൽ പലരും നിരീക്ഷിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മന്ത്രിസഭയും ഇക്കാര്യം ഗൗരവമായി ആലോചിക്കുമെന്നാണ് ഇപ്പോൾ ലഭിച്ച സൂചന. അത്തരത്തിൽ ആലോചിക്കുന്നതിന്റെ ഭാഗമായി ഈ നഷ്ടപരിഹാരത്തുക വർധിപ്പിക്കേണ്ടതുണ്ടെന്ന നിലപാട് സർക്കാരിനുണ്ട്.

(2) <u>തിരൂർ-നിലമ്പൂർ മെട്രോ ലൈൻ</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വാഹനപ്പെരുപ്പവും യാത്രക്കാരിലുണ്ടായ വർധനയും റോഡുമാർഗ്ഗമുള്ള യാത്രകൾ ദുസ്സഹമാക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ യാത്രാദുരിതം അതിലേറെ കഷ്ടമാണ്. കേരളം ഒരു നഗരമായി മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിനെക്കാൾ ധൃതിയിലാണ് മലപ്പുറം

ജില്ലയിലെ ജനവാസ കേന്ദ്രങ്ങൾ നഗരവൽകരിക്കപ്പെടുന്നത്. ഈ സന്ദർഭത്തിൽ പുതിയ യാത്രാമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും ആരംഭിക്കേണ്ടതും അനിവാര്യമാണ്. കേരളത്തിലെ ഏറ്റവും പഴക്കമുള്ള റെയിൽവേ സ്റ്റേഷനാണ് തിരൂർ റെയിൽവേ സ്റ്റേഷൻ. ബേപ്പൂരിൽനിന്ന് തിരൂരിലേക്കും തിരൂരിൽനിന്ന് ഷൊർണ്ണൂരിലേക്കും ഷൊർണ്ണൂരിൽനിന്ന് നിലമ്പൂരിലേക്കുമാണ് കേരളത്തിലെ ആദ്യത്തെ റെയിൽപ്പാത വന്നത്. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള മലപ്പുറം ജില്ലയിൽ തിരൂരിനെയും നിലമ്പൂരിനെയും ബന്ധിപ്പിച്ചുകൊണ്ട് മെട്രോ മാതൃകയിൽ ഒരു റെയിൽവേ ലൈൻ പണിയുകയാണെങ്കിൽ യാത്രയുടെ ദൂരവും ചെലവും കുറയുക മാത്രമല്ല സമയം ലാഭിക്കാനും സാധിക്കും. നഞ്ചൻകോട്-മൈസൂർ റെയിൽപാത അരനൂറ്റാണ്ടിലധികമായി ചർച്ച ചെയ്യപ്പെട്ടുവരുന്ന ഒരു വിഷയമാണ്. 2013-14-ൽ അതിന്റെ സർവെ നടപടികൾ പൂർത്തിയായി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 49:51 അനുപാതത്തിൽ പണം ചെലവഴിച്ചുകൊണ്ട് പദ്ധതി പ്രാവർത്തികമാക്കാൻ ധാരണയായതായി പത്രമാധ്യമത്തിലൂടെ നാം അറിഞ്ഞിരുന്നു. അതിന്റെ തുടർനടപടികളുമായിട്ടില്ല. അരനൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് ഇടപ്പള്ളി-തിരൂർ തീരദേശ

റെയിലിനുവേണ്ടിയുള്ള സർവെ. പ്രസ്തുത പദ്ധതിയിലും പുരോഗതിയില്ല. തിരുനാവായ-ഗുരുവായൂർ റെയിൽപ്പാതയ്ക്ക് മറ്റൊരു സർവെ ആരംഭിക്കുന്നുവെന്ന് അറിഞ്ഞെങ്കിലും അതും ആരംഭിച്ചിട്ടില്ല. തിരൂരിൽനിന്ന് ഈ രണ്ട് പാതകളും വടക്കോട്ടും തെക്കോട്ടും സ്ഥാപിച്ച് ഇതിനെ ബന്ധിപ്പിച്ചുകൊണ്ട് മെട്രോ ലൈൻകൂടി വന്നാൽ തിരുവനന്തപുരം-മൈസൂർ റെയിൽയാത്രയുടെ ദൂരം നിലവിലുള്ളതിന്റെ പകുതിയായി കുറയ്ക്കാൻ സാധിക്കും. നിലവിൽ റെയിൽ മാർഗ്ഗം 961 കിലോമീറ്റർ യാത്ര ചെയ്താൽ മാത്രമേ തിരുവനന്തപുരത്തുനിന്ന് മൈസൂരിലെത്താൻ സാധിക്കുകയുള്ളൂ. കാസർഗോഡ്-മൈസൂർ റെയിൽ ദൂരം 503 കിലോമീറ്ററാണ്. ഇതുവഴി ഒരു പാലംകൂടി വന്നാൽ കാസർഗോഡുനിന്ന് 100 കിലോമീറ്ററിൽ കുറവ് ദൂരത്തിൽ യാത്രചെയ്ത് മൈസൂരിലെത്താൻ സാധിക്കും. തിരുവനന്തപുരത്തുനിന്ന് പോകുകയാണെങ്കിൽ ഇപ്പോഴുള്ളതിന്റെ നേർപകുതിയിൽ താഴെ ദൂരം മാത്രമേ വരികയുള്ളൂ. പ്രസ്തുത റെയിൽപ്പാത പണിയാനുള്ള സർവെ നടത്താൻ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടാൽ കേരളത്തിന് വലിയ വികസനക്കുതിപ്പാണ് ഉണ്ടാകാൻപോകുന്നത്. ഇത് ജനവാസം കുറഞ്ഞ മേഖലയിലൂടെ രണ്ട് ഭാഗത്തേക്കും കൊണ്ടുപോകാൻ

സാധിക്കും. കേരളത്തിന്റെ വളർച്ചയ്ക്ക് ശക്തി പകരാൻ ഈ പാത വഴിയൊരുക്കും.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..... പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കുറുക്കോളി മൊയ്തീൻ: വിഴിഞ്ഞം തുറമുഖം വളരെ പ്രതീക്ഷയും അഭിമാനവും നൽകിയ ഒരു പദ്ധതിയാണ്. അതിന്റെ പൂർണ പ്രയോജനം ലഭിക്കണമെങ്കിൽ ഈ ദൂരക്കുറവ് വലിയ ഗുണകരമാകും. മാത്രമല്ല വാണിജ്യ-വിദ്യാഭ്യാസ-തൊഴിൽ-ആരോഗ്യ മേഖലയിലുണ്ടാകുന്ന കുതിപ്പും ചെറുതായിരിക്കില്ല. ആയതുകൊണ്ട് ഇങ്ങനെയൊരു റെയിൽവേ പാതയ്ക്കുവേണ്ടിയുള്ള സർവെ നടത്താൻ കേന്ദ്രത്തോട് ആവശ്യപ്പെടുകയും അതിനുവേണ്ട എല്ലാ സാഹചര്യങ്ങളൊരുക്കാൻ തയ്യാറാകണമെന്നും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ ഒരംഗത്തിന് സഭയിൽ ഏതുകാര്യവും ഉന്നയിക്കാൻ അവകാശമുണ്ട്. പക്ഷേ ഇതൊക്കെ ആവശ്യമാണോയെന്ന് അങ്ങും നിയമസഭാ സെക്രട്ടേറിയറ്റും ആലോചിക്കുന്നത് നന്നായിരിക്കും. അടുത്ത ദശാബ്ദമൊന്നും ഈ സർക്കാരായാലും

ഇനിയേതെങ്കിലും കാലത്ത് മാറിവരുന്ന സർക്കാരാണെങ്കിലും നടപ്പാക്കാൻ സാധ്യതയില്ലാത്ത ഒരു മെട്രോ ലൈനിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. ഒരു സർക്കാരിന്റെയും ആലോചനയിൽ ഇല്ലാത്ത വിഷയമാണിത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 49:51 അനുപാതത്തിൽ പണം ചെലവഴിച്ചുകൊണ്ട് പണി നടത്തിയതിനെക്കുറിച്ചുള്ള വാർത്തകൾ വന്നിരുന്നു. അത് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, റെയിൽവേ സ്റ്റേഷൻ അഭിവൃദ്ധിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.